# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3880

15.03.2017 ൽ മറുപടിക്ക്

### അനധികൃത ധാതുമണൽ ഖനനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കൃഷ്ണൻകുട്ടി | | ശ്രീ. എ.സി. മൊയ്തീൻ (ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) | അനധികൃത ധാതുമണൽ ഖനനം തടയാൻ എന്തെല്ലാം നിയമങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ധാതുമണൽ മേജർ മിനറലിന്റെ ഇനത്തിൽ ഉൾപ്പെടുന്നതിനാൽ ആയതിന്റെ അനധികൃത ഖനനം തടയുന്നത് കേന്ദ്രനിയമമായ മൈൻസ് & മിനറൽസ് (ഡവലപ്പ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട് 1957, പ്രസ്തുത ആക്ടിന്റെ അടിസ്ഥാനത്തിൽ 2016 ൽ നിലവിൽ വന്ന ആറ്റോമിക് മിനറൽസ് കൺസഷൻ റൂൾസ് എന്നിവയെ അടിസ്ഥാനമാക്കിയാണ്. |
| (ബി) | ഈ നിയമങ്ങൾ അപര്യാപ്തമാണെന്ന് കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അനധികൃതമായി ഉദ്ദേശം എത്ര ടൺ ധാതു മണൽ ഖനനം നടത്തിട്ടുണ്ട് എന്ന് വ്യക്തമാക്കമോ; | (സി) & (ഡി) | അനധികൃത ധാതു മണൽ ഖനനം മൈനിംഗ് & ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇതിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വില എത്രയാണെന്ന് അറിവുണ്ടോയെന്ന് വിശദമാക്കാമോ; | | |
| (ഇ) | ധാതു മണൽ ഖനനവുമായി ബന്ധപ്പെട്ട് സർക്കാരിന് കഴിഞ്ഞ 5 വർഷത്തിൽ എത്ര കോടി രൂപയുടെ വരുമാനമാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ: | (ഇ) | 19,95,13,489/- (രൂപ പത്തൊമ്പതു കോടി തൊണ്ണൂറ്റിഅഞ്ച് ലക്ഷത്തി പതിമൂന്നായിരത്തി നാനൂറ്റി എൺപത്തി ഒൻപത് മാത്രം) |
| (എഫ്) | സംസ്ഥാനത്ത് ധാതു മണലിന്റെ നിക്ഷേപവും അതിന്റെ മൂല്യവും എത്രയാണ് എന്നുള്ളതിന്റെ കണക്ക് ലഭ്യമാക്കാമോ? | (എഫ്) | കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ധാതുമണൽ നിക്ഷേപം കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി വരെയുള്ള തീരപ്രദേശത്ത് കാണപ്പെടുന്ന നിക്ഷേപമാണ്. ടി മേഖലയിൽ 144 ദശലക്ഷം ടൺ ധാതുമണൽ നിക്ഷപമുള്ളതായി കണക്കാക്കപ്പെട്ടിട്ടുള്ളതാണ്. മൂല്യം തിട്ടപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**